**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1982** **20-06-2024 - ൽ മറുപടിയ്ക്ക്**

**കറവക്കാരുടെ ലഭ്യതക്കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീമതി ജെ ചിഞ്ചുറാണി (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | ക്ഷീര കർഷകർക്ക് പശുക്കറവയ്ക്ക് ആവശ്യമായ ആളുകളെ കിട്ടാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ക്ഷീര കർഷകർക്ക് പശുക്കറവയ്ക്ക് ആവശ്യമായ ആളുകളെ കിട്ടാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് 2020-21 സാമ്പത്തിക വർഷം ക്ഷീരപരിശീലന കേന്ദ്രങ്ങൾ മുഖേന താല്പര്യമുള്ള ക്ഷീരകർഷകർക്ക് പശുക്കറവയുടെ പരിശീലനം നൽകിയിരുന്നു. |
| (ബി) | കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ മുഴവൻ ക്ഷീര സംഘങ്ങൾ നൽകുന്ന വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് കറവക്കാർക്ക് തന്നെ നൽകേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് കർഷകരുടേയും ക്ഷീര സംഘങ്ങളുടേയും നിലനിൽപ്പിന് ഭീഷണി ഉയർത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ മുഴവൻ ക്ഷീരസംഘങ്ങൾ നൽകുന്ന വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് കറവക്കാർക്ക് നൽകേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ മുഴവനും ക്ഷീരസംഘങ്ങൾ സംഭരിക്കുന്നതിനാലും ആയതിന് യഥാസമയം ഗുണമേന്മയുടെ അടിസ്ഥാനത്തിൽ വില നൽകുന്നതിനാലും ഈ സാഹചര്യം കർഷകരുടേയും ക്ഷീര സംഘങ്ങളുടേയും നിലനിൽപ്പിനെ ബാധിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ